# 'Vicar's Reflections

Greetings to you all in the name of our Lord and Saviour Jesus Christ,

Lent is a sanctified time for introspection, confession, and rejuvenation. It is the time when Christians travel to the cross in search of atonement via introspection, fasting, and charitable deeds. “Apart from the cross, there is no other ladder by which we may get to heaven." says St. Rose of Lima, patron saint of embroidery, gardening and cultivation of blooming flowers! Therefore, it is crucial to embody the spirit of the cross throughout Lent.

Isaiah 58:1–14 calls us to an actual relationship with God that goes beyond rituals and offers, a strong theological basis for comprehending the true meaning of this season. Let's examine in more detail what the prophet Isiah has to say about this. prophet Isiah discusses certain dos and don'ts that we should adhere to throughout Lent.

**01. Disregard outward demonstrations of piety**

"Cry aloud; do not hold back; lift up your voice like a trumpet; declare to my people their transgression," is Isaiah's admonition at the beginning of the book (Isaiah 58:1). The tone of the text expresses God's worry for a people who disregard justice and righteousness in favour of outward demonstrations of piety. Lent, a time of repentance, which serves as a reminder that fasting is pointless if it is not accompanied by a changed heart. By asking, "Is this the fast that I choose, a day for a person to humble himself?," Isaiah criticises shallow religious rituals. Is it to lay ashes and sackcloth beneath him and bow his head like a reed (Isaiah 58:5).

This rhetorical question highlights the propensity to limit worship to ceremonial practices rather than sincere demonstrations of compassion and service

**02. Disregard egocentric spirituality.**

“Is not this the fast that I choose: to lose the bonds of wickedness, to undo the straps of the yoke, to let the oppressed go free, and to break every yoke?” Isaiah says that true fasting is about living in justice and kindness rather than merely avoiding eating. (Isaiah 58:6).

This pushes us to adopt social justice deeds and transcend egocentric spirituality. We are urged to consider our relationships with others as well as with God throughout Lent. In Isaiah 58:7, the prophet urges us to clothe the naked, provide refuge for the destitute, and share bread with the hungry. In Matthew 25:35–40, Jesus Himself reaffirms this lesson by identifying with the least among us and declaring, "As you did it to one of the least of these my brothers, you did it to me."

**03. Do not disregard the redeeming aspect of Lent**

"Then shall your light break forth like the dawn, and your healing shall spring up speedily," is God's promise of rejuvenation and restoration for those who practise authentic fasting (Isaiah 58:8). This passage encapsulates the redeeming aspect of Lent when sincere repentance results in spiritual healing.

True worship is about happily aligning our hearts with God's desire, as the verse continues with a call to preserve the Sabbath and rejoice in the Lord (Isaiah 58:13–14). Redemption is about transforming communities and countries by righteousness, not only about individual salvation.

**04. Do not disregard the opportunity to help disenfranchised**

Lent is a time to help the enfranchised. In a way, it should be the ultimate goal of Lent. Being "enfranchised" in a spiritual sense means being freed, empowered, or granted full access to God's love and kingdom. It represents a person's complete membership in the body of believers, their deliverance from sin, and their salvation via Christ. To put it briefly, being redeemed, adopted, and given complete authority to live by God's grace is what it means to be spiritually enfranchised. Lenten season is a time to welcome those without a franchise in any area of life.

The message of Isaiah forces us to see Lent as a chance to actively engage in God's work rather than only as a period of personal devotion. As the apostle James reminds us, "To visit orphans and widows in their affliction is the religion that is pure and undefiled before God the Father" (James 1:27). Our deeds for the weak and disenfranchised must reflect the redemption we seek throughout Lent.

In conclusion, Isaiah 58 sheds light on Lent, a time of redemption that challenges us to live a life characterised by justice, kindness, and righteousness rather than merely ceremonial adherence. May we sincerely turn our hearts towards God and reflect the compassion and love of Christ as we fast, pray, and donate. In this manner, we shall truly experience the genuine redemption that God promises, and our light will shine like the morning.

"Do you want your prayer to fly towards God?" said St. Augustine. Give it two wings: almsgiving and fasting. As we respond to the prophetic invitation to genuine faith, may this Lenten season be one of change, bringing us nearer to God and one another.

May god bless you all

**Alexachen**

# പ്രതിഫലനങ്ങൾ

നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ നിങ്ങൾക്കെല്ലാവർക്കും നോമ്പുകാലത്തിന്റെ ആശംസകൾ, ആത്മപരിശോധന, കുമ്പസാരം, പുനരുജ്ജീവനം എന്നിവയ്ക്കുള്ള ഒരു വിശുദ്ധ സമയമാണ് നോമ്പുകാലം. ആത്മപരിശോധന, ഉപവാസം, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയിലൂടെ പാപപരിഹാരം തേടി ക്രിസ്ത്യാനികൾ കുരിശിലേക്ക് യാത്ര ചെയ്യുന്ന സമയമാണിത്. ചിത്രത്തുന്നൽ, പൂന്തോട്ടപരിപാലനം, പൂക്കുന്ന പുഷ്പങ്ങളുടെ കൃഷി എന്നിവയുടെ മദ്ധ്യസ്ഥയായ!! ലിമയിലെ വിശുദ്ധ റോസ് പറയുന്നു, 'കുരിശല്ലാതെ, സ്വർഗത്തിലെത്താൻ നമുക്ക് മറ്റൊരു ഗോവണി ഇല്ല.' ("There is no other ladder to heaven than the cross), അതിനാൽ, നോമ്പുകാലം മുഴുവൻ കുരിശിന്റെ അന്തസത്തയെ ഉൾക്കൊള്ളേണ്ടത് നിർണായകവും അനിവാര്യവുമാണ്.

യെശയ്യാവ് 58:1-14 വരെ വായിക്കുമ്പോൾ ദൈവവുമായുള്ള ഒരു യഥാർത്ഥ ബന്ധത്തിലേക്ക് നമ്മെ വിളിക്കുന്നതായി കാണാം. ഇത് ആചാരങ്ങൾക്കപ്പുറത്തേക്ക് നമ്മെ കൊണ്ട് പോകുകയും നോമ്പ് കാലത്തിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കുന്നതിന് ശക്തമായ ദൈവശാസ്ത്രപരമായ അടിത്തറ നൽകുകയും ചെയ്യുന്നു. യെശയ്യ പ്രവാചകന് നോമ്പിനെക്കുറിച്ചു പറയാനുള്ളത് എന്ത് എന്ന് കൂടുതൽ വിശദമായി പരിശോധിക്കുന്നതുചിതമാണ്. നോമ്പുകാലത്തിൽ നാം പാലിക്കേണ്ട കാര്യങ്ങളും ചെയ്യരുതാത്ത കാര്യങ്ങളും യെശയ്യാ പ്രവാചകൻ നമ്മെ ബോധ്യപ്പെടുത്തുന്നു.

**01. ബാഹ്യമായ ഭക്തിയുടെ പ്രകടനങ്ങളെ അവഗണിക്കുക**
(Disregard outward demonstrations of piety)

ഉറക്കെ വിളിക്ക; അടങ്ങിയിരിക്കരുതു; കാഹളംപോലെ നിന്റെ ശബ്ദം ഉയർത്തി, എന്റെ ജനത്തിന്നു അവരുടെ ലംഘനത്തെയും യാക്കോബ് ഗൃഹത്തിന്നു അവരുടെ പാപങ്ങളെയും അറിയിക്ക. (യെശയ്യാവ് 58:1).എന്നതാണ് പുസ്തകത്തിന്റെ തുടക്കത്തിൽ യെശയ്യാവ് നൽകുന്ന ഉപദേശം ബാഹ്യമായ ഭക്തിയുടെ പ്രകടനങ്ങൾ വഴിയായി നീതിയെ അവഗണിക്കുന്നവരോടുള്ള ദൈവത്തിന്റെ ഉത്കണ്ഠയാണ് ഈ വാക്യത്തിൽ നാം കാണുന്നത്. മാനസാന്തരത്തിന്റെ സമയമായ നോമ്പുകാലത്തിൽ, മാറ്റം വന്ന ഒരു ഹൃദയം ഒപ്പമില്ല എങ്കിൽ ഉപ

വാസം അർത്ഥശൂന്യമാണെന്ന് പ്രവാചകൻ ഓർമ്മിപ്പിക്കുന്നു. 'എനിക്കു ഇഷ്ടമുള്ള നോമ്പും മനുഷ്യൻ ആത്മതപനം ചെയ്യുന്ന ദിവസവും ഇങ്ങനെയുള്ളതോ' എന്ന് ചോദിക്കുന്നതിലൂടെ, യെശയ്യാവ് ആഴമില്ലാത്ത മതപരമായ ആചാരങ്ങളെ വിമർശിക്കുന്നു. തലയെ വേഴത്തെപ്പോലെ കുനിയിക്കുക, രട്ടും വെണ്ണീറും വിരിച്ചു കിടക്കുക, ഇതാകുന്നുവോ ഉപവാസം? ഇതിന്നോ നീ നോമ്പെന്നും യഹോവെക്കു പ്രസാദമുള്ള ദിവസമെന്നും പേർ? പറയുന്നതു? (യെശയ്യാവ് 58:5). കാരുണ്യത്തിന്റെയും സേവനത്തിന്റെയും ആത്മാർത്ഥമായ പ്രകടനങ്ങളേക്കാൾ ആരാധനയെ ആചാരപരമായ ആചാരങ്ങളിൽ മാത്രം പരിമിതപ്പെടുത്താനുള്ള മനുഷ്യ പ്രവണതയെ ഈ അലങ്കാരബഹുലമായ ചോദ്യം, ചോദ്യം ചെയ്യുന്നു.

**02. അഹന്താനിഷ്ഠമായ ആത്മീയതയെ അവഗണിക്കുക.**
Disregard egotistical spirituality.

അന്യായബന്ധനങ്ങളെ അഴിക്കുക; നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക; പീഡിതരെ സ്വതന്ത്രരായി വിട്ടയക്ക; എല്ലാനുകത്തെയും തകർക്കുക; ഇതല്ലയോ എനിക്കു ഇഷ്ടമുള്ള ഉപവാസം 'യഥാർത്ഥ ഉപവാസം ഭക്ഷണം വർജ്ജനത്തിനേക്കാൾ നീതിയിലും ദയയിലും ജീവിക്കുന്നതാനെന്നു യെശയ്യാവ് പറയുന്നു. (യെശയ്യാവ് 58:6). ഇത് സാമൂഹിക നീതി ഉറപ്പാക്കുന്ന പ്രവൃത്തികൾ സ്വീകരിക്കാനും അഹന്താനിഷ്ഠമായതും അഹങ്കാരപരമായതുമായ ആത്മീയതയെ മറികടക്കാനും നമ്മെ പ്രേരിപ്പിക്കുന്നു.

നോമ്പുകാലം ദൈവത്തോടൊപ്പം ആയിരിക്കുന്നതിനൊപ്പം മറ്റുള്ളവരുമായും ഉള്ള നമ്മുടെ ബന്ധങ്ങൾ പുനഃപരിശോധിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. യെശയ്യാവ് 58:7–ൽ, നഗ്നരെ വസ്ത്രം ധരിപ്പിക്കാനും, ദരിദ്രർക്ക് അഭയം നൽകാനും, വിശക്കുന്നവരുമായി അപ്പം പങ്കിടാനും പ്രവാചകൻ നമ്മെ പ്രേരിപ്പിക്കുന്നു. മത്തായി 25:35–40 ൽ, നമ്മിൽ ഏറ്റവും ചെറിയവരുമായി തിരിച്ചറിയുകയും 'എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തതുപോലെ, നിങ്ങൾ എനിക്ക് ചെയ്തു' എന്ന് പ്രഖ്യാപിച്ചുകൊണ്ട് യേശു തന്നെ ഈ പാഠം വീണ്ടും സ്ഥിരീകരിക്കുന്നു.

**03. നോമ്പിന്റെ രക്ഷാകരമായ വശം അവഗണിക്കരുത്**
Do not disregard the redeeming aspect of Lent

'അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും;

നിന്റെ മുറിവുകൾക്കു വേഗത്തിൽ പൊറുതിവരും; നിന്റെ നീതി നിനക്കു മുമ്പായി നടക്കും; യഹോവയുടെ മഹത്വം നിന്റെ പിമ്പട ആയിരിക്കും' (യെശയ്യാവ് 58:8). എന്നത് യഥാർത്ഥ ഉപവാസം അനുഷ്ഠിക്കുന്നവർക്ക് പുനരുജ്ജീവനത്തിന്റെയും പുനഃസ്ഥാപനത്തിന്റെയും ദൈവത്തിന്റെ വാഗ്ദാനമാണ്. ആത്മാർത്ഥമായ അനുതാപം ആത്മീയ രോഗശാന്തിയിൽ കലാശിക്കുന്നതാണ് നോമ്പിന്റെ രക്ഷാകരമായ അനുഗ്രഹം എന്ന് ഈ ഭാഗം നമ്മെ ബോധ്യപ്പെടുത്തുന്നു. ശബ്ബത്ത് ആചരിക്കാനും കർത്താവിൽ സന്തോഷിക്കാനുമുള്ള ആഹ്വാനത്തോടെ ഈ ഭാഗം തുടരുകയാണ്. സത്യാരാധന എന്നത് നമ്മുടെ ഹൃദയങ്ങളെ ദൈവത്തിന്റെ ആഗ്രഹവുമായി സന്തോഷത്തോടെ യോജിപ്പിക്കുന്നതാണ് എന്ന് യെശയ്യാവ് 58:13-14 വരെയുള്ള വാക്യങ്ങളിൽ പറയുന്നു . വീണ്ടെടുപ്പ് എന്നതിൽ വ്യക്തിഗത രക്ഷക്കു പ്രാധാന്യമുള്ളതു പോലെ, നീതിയിലേക്ക് സമൂഹങ്ങളെയും രാജ്യങ്ങളെയും പരിവർത്തനം ചെയ്യിക്കുന്നതും പ്രധാന്യമുള്ളതാണ് .

**04. അവകാശമില്ലാത്തവരെ സഹായിക്കാനുള്ള അവസരം അവഗണിക്കരുത്**

(Do not disregard the opportunity to help disenfranchised)

നോമ്പുകാലം പരിത്യജിക്കപ്പെട്ടവരെ സഹായിക്കാനുള്ള സമയമാണ്. ഒരു തരത്തിൽ, അതായിരിക്കണം നോമ്പുകാലത്തിന്റെ ആത്യന്തിക ലക്ഷ്യവും. ആത്മീയ അർത്ഥത്തിൽ 'സ്വതന്ത്രരാക്കപ്പെടുക' (enfranchise) എന്നാൽ ദൈവസ്നേഹത്തിലേക്കും ദൈവരാജ്യത്തിലേക്കും പൂർണ്ണ പ്രവേശനം നൽകുക, ശാക്തീകരിക്കപ്പെടുക, അല്ലെങ്കിൽ ദൈവസ്നേഹത്തിലേക്കും പൂർണ്ണ പ്രവേശനം നൽകുക എന്നൊക്കെയാണ് അർത്ഥമാക്കുന്നതു. വിശ്വാസജീവിതത്തിൽ ഒരു വ്യക്തിയുടെ പൂർണ്ണ ക്രിസ്തുസഭാ അംഗത്വത്തെയും, പാപത്തിൽ നിന്നുള്ള മോചനത്തെയും, ക്രിസ്തുവിലൂടെയുള്ള അവരുടെ രക്ഷയെയും ഇത് പ്രതിനിധീകരിക്കുന്നു. ചുരുക്കത്തിൽ, സ്വാതന്ത്ര്യം നൽകുക എന്നാൽ വീണ്ടെടുക്കപ്പെടുകയും സഭയോടുകൂട്ടിച്ചേർക്കുകയും ദൈവകൃപയാൽ ജീവിക്കാൻ പൂർണ്ണ അധികാരം നൽകുകയും ചെയ്യുക എന്നാണർത്ഥം. നോമ്പുകാലം ജീവിതത്തിന്റെ ഒരു മേഖലയിലും അംഗീകരിക്കപ്പെടാത്തവരെയും മുഖ്യധാരയിൽ അവകാശമില്ലാത്തവരെയും സ്വാഗതം ചെയ്യുന്നതിനുള്ള സമയമാണ്.

നോമ്പുകാലത്തെ വ്യക്തിപരമായ ഭക്തിവർധനയുടെ ഒരു കാലഘട്ടമായി കാണുന്നതിനുപകരം ദൈവത്തിന്റെ വേലയിൽ സജീവമായി ഏർപ്പെടാനുള്ള അവസരമായി കാണാൻ യെശയ്യാവ് നമ്മെ പ്രേരിപ്പിക്കുന്നു. അപ്പോസ്തലനായ യാക്കോബ് നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ, 'പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ: അനാഥരെയും വിധവമാ രെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു' (യാക്കോബ് 1:27). ദുർബലർക്കും അവകാശമില്ലാത്തവർക്കുമുള്ള നമ്മുടെ പ്രവൃത്തികൾ നോമ്പുകാലത്തു നാം താൽപര്യപ്പെടുന്ന ആത്മീയ മോചനത്തിനു ആക്കം കൂട്ടും.

ഉപസംഹാരമായി, ആചാരപരമായ അനുസരണത്തിന് പകരം നീതി, ദയ എന്നിവയാൽ സവിശേഷമായ ഒരു ജീവിതം നയിക്കാൻ നമ്മെ വെല്ലുവിളിക്കുന്ന ഒരു വീണ്ടെടുപ്പിന്റെ സമയം ആക ണം ഈ കാലം. ഉപവസിക്കുമ്പോഴും പ്രാർത്ഥിക്കുമ്പോഴും ദാനം ചെയ്യുമ്പോഴും ആത്മാർത്ഥമായി നമ്മുടെ ഹൃദയങ്ങളെ ദൈവത്തിലേക്ക് തിരിക്കുവാനും ക്രിസ്തുവിന്റെ കാരുണ്യവും സ്നേഹവും പ്രതിഫലിപ്പിക്കുവാനും പരിശ്രമം ചെയ്യാം. ഈ രീതിയിൽ മാത്രമേ ദൈവം വാഗ്ദാനം ചെയ്യുന്ന യഥാർത്ഥ വീണ്ടെടുപ്പ് നമുക്ക് യഥാർത്ഥത്തിൽ അനുഭവപ്പെടുകയുള്ളു, അങ്ങനെ നമ്മുടെ വെളിച്ചം പ്രഭാതം പോലെ പ്രകാശിക്കും.

വിശുദ്ധ അഗസ്റ്റിൻ പറയുന്നു 'നിങ്ങളുടെ പ്രാർത്ഥന ദൈവത്തിലേക്ക് പറക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?'. അതിന് രണ്ട് ചിറകുകൾ നൽകേണ്ടതായിട്ടുണ്ട് : ദാനധർമ്മവും ഉപവാസവും. (Do you want your prayer to fly towards God?" Give it two wings: almsgiving and fasting.) യഥാർത്ഥ വിശ്വാസത്തിലേക്കുള്ള പ്രാവചക ക്ഷണത്തോട് നാം പ്രതികരിക്കുമ്പോൾ, ഈ നോമ്പുകാലം മാറ്റത്തിന്റെ ഒന്നായിതീരും. അത് നമ്മെ ദൈവത്തിലേക്കും മനുഷ്യരുമായുള്ള ബന്ധത്തിനായും ശാക്തീകരിക്കും. അതിനു ഈ നോമ്പുകാലം നമുക്ക് സാധ്യമാകട്ടെ

ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ

**അലക്സച്ചൻ**